സ.ഉ.(സാധാ) നം.6086/2022/GEDN

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ്- കോഴിക്കോട് മുക്കം കൊടിയത്തൂർ എ.യു.പി. സ്കൂളിലെ ജൂനിയർ ഹിന്ദി അദ്ധ്യാപകൻ ശ്രീ.മുഹമ്മദ് റിയാസ് സി.കെ യുടെ 17.07.2015 മുതൽ 20.07.2015 വരെയുള്ള കാലയളവ് നോൺഡ്യൂട്ടിയായി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്

സ.ഉ.(സാധാ) നം.6086/2022/GEDN തീയതി,തിരുവനന്തപുരം, 22-10-2022

പരാമർശം:- 1 29.04.2014 ലെ സ.ഉ (സാധാ) നം.1651/2014/ പൊ.വിവ

2. ശ്രീ.മുഹമ്മദ് റിയാസ് സി.കെ യുടെ ശൂന്യവേതനാവധി അപേക്ഷ.

3. 23/05/2022 ലെ താമരശ്ശേരി ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ബി2/2628/2022 നമ്പർ റിപ്പോർട്ട്.

ഉത്തരവ്

കോഴിക്കോട് മുക്കം കൊടിയത്തൂർ എ യു പി സ്കൂളിലെ ജൂനിയർ ഹിന്ദി അദ്ധ്യാപകനായ ശ്രീ.മുഹമ്മദ് റിയാസ് സി .കെ യ്ക്ക് പരാമർശം 1 പ്രകാരം 7.03.2014 മുതൽ 16.07.2015 വരെ Appendix XII A പ്രകാരം ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവായിരുന്നു. തുടർന്ന് 17.07.2015 ന് സർക്കാർ പ്രഖ്യാപിത അവധിയും 18.07.2015, 19.07.2015 & 20.07.2015 അവധി ദിവസമായതിനാലും 21.07.2015 ന് മാത്രമാണ് ജോലിയിൽ പ്രവേശിച്ചത് എന്നും ആയതിനാൽ 17.07.2015 മുതൽ 20.07.2015 വരെയുള്ള അവധി ശൂന്യവേതനാവധിയായി പരിഗണിക്കണമെന്നുമാണ് പരാമർശം 3 പ്രകാരം ഉപജില്ലാവിദ്യാഭ്യാസ ഓഫീസർ ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് മുക്കം കൊടിയത്തൂർ എ യു പി സ്കൂളിലെ ജൂനിയർ ഹിന്ദി അദ്ധ്യാപകനായ ശ്രീ . മുഹമ്മദ് റിയാസ് സി . കെ യ്ക്ക് കെ . എസ് . ആർ . ഭാഗം 1, അനുബന്ധം XII-C പ്രകാരമുള്ള ശൂന്യവേതനാവധി മുൻകാലപ്രാബല്യത്തിൽ അനുവദിക്കുവാൻ വ്യവസ്ഥയില്ലാത്തതിനാലും ടി അവധി മറ്റവധികളോടൊപ്പം ചേർത്തെടുക്കാനാവാത്തതിനാലും 07/03/2009 ന് മുൻപ് ശ്രീ . മുഹമ്മദ് റിയാസ് സി . കെ പ്രൊബേഷൻ പൂർത്തീകരിച്ചിട്ടുള്ള സാഹചര്യത്തിലും 17.07.2015 മുതൽ 20.07.2015 വരെയുള്ള കാലയളവ് മുൻകാല സർവീസ് നഷ്ടമാകാത്ത വിധം

സ.ഉ.(സാധാ) നം.6086/2022/GEDN

നോൺഡ്യൂട്ടിയായി ക്രമീകരിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA.S.GEORGE
അണ്ടർ സെക്രട്ടറി

പകർപ്പ്:-പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

ജില്ലാവിദ്യാഭ്യാസ ഓഫീസർ , താമരശ്ശേരി

ശ്രീ .മുഹമ്മദ് റിയാസ് . സി . കെ , ജൂനിയർ ഹിന്ദി അദ്ധ്യാപകൻ, സൗത്ത് കൊടിയത്തൂർ എ യു പി സ്കൂൾ, കൊടിയത്തൂർ പി.ഒ., മുക്കം,കോഴിക്കോട്.

മാനേജർ/ഹെഡ്മാസ്റ്റർ, സൗത്ത് കൊടിയത്തൂർ എ യു പി സ്കൂൾ, കൊടിയത്തൂർ പി.ഒ., മുക്കം,കോഴിക്കോട്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

പൊതുജന സമ്പർക്ക പ്രസിദ്ധീകരണ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ധനകാര്യ വകുപ്പ്(Vide UO note NO.Rules B4/369/2019/Fin dated 02/01/2020)

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by Mini.t.r.
Date: 22-10-2022 15:26:27

സെക്ഷൻ ഓഫീസർ